**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലേയും (11 എണ്ണം) ദ്വീപുകളിലെ (സ്പെഷ്യൽ ജ്യോഗ്രഫിക്കൽ ഏരിയ) മരാമത്ത് പ്രവൃത്തികൾക്ക് മാത്രമായി good earth ന് വില പുതുക്കി നിശ്ചയിച്ചുകൊണ്ടും additional lorry conveyance നൽകിക്കൊണ്ട് മെറ്റീരിയൽസിന്റെ വില പുതുക്കി നിശ്ചയിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.539/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 06/03/2019**

---

പരാമർശം:- 1. 12/7/2018 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മരാമത്ത് പ്രവർത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്കിനെ സംബന്ധിച്ച് ചേർന്ന യോഗം

2. ത.സ്വ.ഭ.വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.18, 19.01.19 എന്നീ തിയതികളിലെ ഡിബി3/753/12/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്

**ഉത്തരവ്**

വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾക്ക് മാർക്കറ്റ് നിരക്കിനേക്കാൾ രൂക്ഷമായ വില വ്യത്യാസം നേരിടുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികളുടെ വിലയിലെ അന്തരം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർ സ്ഥലസന്ദർശനം നടത്തി ആലപ്പുഴ ജില്ലയിൽ സ്വീകരിച്ച അതേ രീതി അവലംബിച്ച് വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കി സമഗ്രമായ ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നല്കുന്നതിനായി സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ്/പി.ഡബ്ള്യു.ഡി (റോഡ്) ചീഫ് എഞ്ചിനീയർമാരെ പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയർ വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലേയും (11 എണ്ണം) ദ്വീപുകളിലെ (സ്പെഷ്യൽ ജ്യോഗ്രഫിക്കൽ ഏരിയ) മരാമത്ത് പ്രവൃത്തികൾക്ക് മാത്രമായി earth -ന്റെ വിലയും, royalty യും കൺവേയൻസും ഉൾപ്പെടെ 750 രൂപ /$m^3$ എന്ന നിരക്കിൽ good earth ന് വില പുതുക്കി നിശ്ചയിച്ചുകൊണ്ടും additional lorry

conveyance നൽകിക്കൊണ്ട് താഴെ കൊടുത്തിട്ടുള്ള പട്ടിക പ്രകാരം മെറ്റീരിയൽസിന്റെ വില പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Edappally Block Panchayat & Kadamakudy Grama Panchayat | |
|---|---|
| Description | Rate in rupees per $m^3$ (rate includes water charge, CP, OH & Cost Index) |
| 6 mm metal | 2700.51 |
| 12 mm metal | 2700.51 |
| 20 mm metal | 2700.51 |
| 40 mm metal | 2631.00 |
| Rubble | 1993.52 |
| M Sand | 2530.84 |

| Palluruthy Block Panchayat | |
|---|---|
| Description | Rate in rupees per $m^3$ (rate includes water charge, CP, OH & Cost Index) |
| 6 mm metal | 2451.91 |
| 12 mm metal | 2451.91 |
| 20 mm metal | 2451.91 |
| 40 mm metal | 2388.47 |
| Rubble | 1747.98 |
| M Sand | 2282.23 |

| Vypin Block Panchayat and Elankunnappuzha Grama Panchayath | |
|---|---|
| Description | Rate in rupees per $m^3$ (rate includes water charge, CP, OH & Cost Index) |
| 6 mm metal | 2476.63 |
| 12 mm metal | 2476.63 |

| | |
|---|---|
| 20 mm metal | 2476.63 |
| 40 mm metal | 2415.34 |
| Rubble | 1774.76 |
| M Sand | 2306.96 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ധനകാര്യവകുപ്പ് (DEV-3/219/2018-FIN തിയതി 25/02/2019 കുറിപ്പ് പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ